

# സമീക്ഷ

സി. എം. എൻ. എൽ. പി. സ്കൂൾ

നാലുന്നാക്കൽ

## അക്കാദമിക മാസ്റ്റർ പ്ലാൻ

# ഉള്ളടക്കം

- ആമുഖം
- പൊതു ലക്ഷ്യങ്ങൾ
- സ്കൂളിനെക്കുറിച്ചുള്ള പ്രാഥമിക വിവരങ്ങൾ
- വിദ്യാലയത്തിന്റെ ലഘുചരിത്രം
  - പശ്ചാത്തലം
  - പിന്നിട്ട വഴികൾ/നാഴികക്കല്ലുകൾ
  - കൈവരിച്ച നേട്ടങ്ങൾ
  - പരിമിതികൾ
  - നേട്ടങ്ങൾ
- അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ
  - അക്കാദമികം
  - ഭൗതികം
  - സാമൂഹികം
- പ്രവർത്തന വിശദാംശങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിറ്ററിംഗ്
- ഉപസംഹാരം

## ആമുഖം.

വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള നിരവധി പുരോഗമന പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ നടന്നു കൊണ്ടിരിക്കുകയാണ് വിദ്യാലയങ്ങളുടെ പുരോഗമനങ്ങളിലും പഠന പ്രവർത്തനങ്ങളിലും നാളിതു വരെ ദർശിച്ചിട്ടില്ലാത്ത വിധത്തിലുള്ള മാറ്റങ്ങളാണ് നടന്നു കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ നാം നടത്തുന്ന പരിഷ്കരണ പ്രവർത്തനങ്ങൾ കുട്ടികളിൽ ഗുണകരമായ ഒട്ടേറെ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നു. സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കുകയും വിമർശനാത്മകമായ കാഴ്ചപ്പാടോടെ സ്വന്തം നിലപാടുകൾ സ്വീകരിക്കുകയും ചെയ്യുന്ന ഭാവി തലമുറയിലാണ് നമ്മുടെ നാടിന്റെ നിലനിൽപ്പ് ഇതിനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെയാണ് നമ്മുടെ വിദ്യാലയങ്ങൾ കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്.

വിദ്യാഭ്യാസ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും

അതിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും
അദ്ധ്യേയരും ശ്രദ്ധ പുലർത്തുന്നുണ്ട്.
കൂട്ടായ ഈ പരിശ്രമങ്ങളെല്ലാം വിദ്യാഭ്യാ-
സ രംഗത്ത് വിപ്ലവകരമായ മുന്നേറ്റങ്ങൾക്ക്
വഴിയൊരുക്കും എന്നതിൽ സംശയമില്ല.
പൊതു വിദ്യാഭ്യാസത്തെ സംരക്ഷിക്കുന്നതിലേക്ക്
സർക്കാർ തലത്തിൽ ചെയ്തുവരുന്ന പ്രവർത്ത-
നങ്ങൾ ഏറെയും മികച്ചവയാണ്. ഇപ്പോൾ
നാം സ്വീകരിച്ചിട്ടുള്ള പുതിയ വിദ്യാഭ്യാസ
നയത്തെ സാധൂകരിക്കുന്ന വിധത്തിലുള്ള
വൈവിധ്യങ്ങളായ പഠന പ്രവർത്തനങ്ങളാണ്
നമ്മുടെ വിദ്യാലയങ്ങളിൽ നടന്നു കൊണ്ടിരിക്കുന്നത്.
കുട്ടികളുടെ കഴിവുകളുടെ സമഗ്രമായ
വികസനത്തിന് ഇത് വഴിയൊരുക്കുന്നു.
അനുഭവങ്ങൾ കഴിയുന്നത്ര പ്രദാനം ചെയ്ത്
അറിവിന്റെ നിർമ്മാണം സാധ്യമാക്കുന്ന
ബോധന രീതി കേരളത്തിന്റെ വികസന
സ്വപ്നങ്ങൾക്ക് ദിശാബോധം പകരുന്നതാണ്.
പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് നാലുന്നാക്കൽ
സി. എം. എസ് എൽ പി സ്കൂളും വിവിധങ്ങ-
ളായ പ്രവർത്തനങ്ങളിലൂടെ കടന്നു പൊയ്-
ക്കൊണ്ടിരിക്കുകയാണ്.

## പൊതു ലക്ഷ്യങ്ങൾ

- വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.
- ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുക.
- ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പുവരുത്തി ഫലപ്രദമായ ഐ.ടി വിദ്യാഭ്യാസം ഉറപ്പു വരുത്തുക.
- സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിലുള്ള പഠന പ്രവർത്തനങ്ങൾ ഉറപ്പാക്കുക.
- സ്കൂളിലെ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് ഇല്ലാതാക്കുക.
- ശിശു കേന്ദ്രീകൃതമായ ക്ലാസ്സ് ഉറപ്പു വരുത്തുക.
- ലൈബ്രറികൾ ആധുനികവൽക്കരിക്കുക ക്ലാസ് റൂം ലൈബ്രറികൾ സ്ഥാപിക്കുക.

- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുക.

- വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ജനകീയ സംവിധാനങ്ങൾ ഒരുക്കുക.

- അന്താരാഷ്ട്ര നിലവാരം ഉറപ്പാക്കുന്ന തരത്തിലുള്ള പഠനോപകരണങ്ങൾ ഒരുക്കുക.

- പ്ലാസ്റ്റിക്, ലഹരി, കീടനാശിനി വിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക.

- കൗൺസിലിംഗ് സൗകര്യങ്ങൾ വിദ്യാലയങ്ങളിൽ ലഭ്യമാക്കുക.

- ഓരോ ക്യാമ്പസും ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റുക.

- സ്കൂളുകളുടെ ഭൗതിക സൗകര്യം വിപുലമാക്കി കൂടുതൽ ആകർഷണീയമാക്കുക.

- ക്ലാസ് മുറികൾ സ്മാർട്ട് ആക്കുക.

- കാർഷിക സംസ്കാരം വളർത്തിയെടു-ക്കുന്നതിനായി ജൈവകൃഷി, പച്ചക്കറി-ത്തോട്ടം എന്നിവ നടപ്പിലാക്കുക.

- പരിസ്ഥിതി സംരക്ഷണം പരിസ്ഥിതി പഠന പ്രവർത്തനങ്ങളിൽ മാതൃകയാകുക.

- കുട്ടികൾക്ക് മൂന്നു ഭാഷകളും (മലയാളം, ഇംഗ്ലീഷ്, ഹിന്ദി) അനായാസം കൈകാര്യം ചെയ്യാൻ കഴിയണം.

# സി. എം. എസ്. എൽ. പി. സ്കൂൾ. നാലുന്നാക്കൽ

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : സി. എം. എസ്. എൽ. പി. സ്കൂൾ. നാലുന്നാക്കൽ. |
| വിലാസം | : നാലുന്നാക്കൽ. പി. ഒ. ഭുക്കൻ ചിറ. 686538 |
| സ്കൂൾ കോഡ് | : 33 353 |
| വിദ്യാഭ്യാസ ഉപജില്ല | : ചങ്ങനാശ്ശേരി |
| വിദ്യാഭ്യാസ ജില്ല | : കോട്ടയം |
| റവന്യൂ ജില്ല | : കോട്ടയം |
| ബി. ആർ. സി | : ചങ്ങനാശ്ശേരി |
| സി. ആർ. സി | : വാകത്താനം |
| ഗ്രാമപഞ്ചായത്ത് | : വാകത്താനം |
| ബ്ലോക്ക് പഞ്ചായത്ത് | : മാടപ്പള്ളി |
| ജില്ലാ പഞ്ചായത്ത് | : കോട്ടയം |
| നിയമസഭാ മണ്ഡലം | : പുതുപ്പള്ളി |
| താലൂക്ക് | : ചങ്ങനാശ്ശേരി |
| വില്ലേജ് | : വാകത്താനം |
| മാനേജ്മെന്റ് | : സി. എം. എസ്. കോർപ്പറേറ്റ് |

## വിദ്യാലയത്തിന്റെ ലഘു ചരിത്രം

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി താലൂക്കിലെ വാകത്താനം വില്ലേജിൽ, വാകത്താനം പഞ്ചായത്തിൽ 15-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു വിദ്യാലയമാണ് നാലുന്നാക്കൽ സി. എം. എസ്. എൽ. പി. സ്കൂൾ. നാട്ടിലെ ചരിത്ര പ്രാധാന്യമുള്ള കേന്ദ്രങ്ങളുടെ പട്ടികയിൽ നാലുന്നാക്കൽ പ്രദേശത്തിന് അദ്വിതീയ സ്ഥാനമാണ് ഉള്ളത്. വാകത്താനത്തിന്റെ തെക്കു പടിഞ്ഞാറെ അറ്റത്തുള്ളതാണ് ഈ സ്ഥലം. നാലുന്നാക്കൽ എന്ന പദത്തിന് നാല് ഒന്നാക്കൽ എന്നാണ് അർത്ഥം. നാല് തോടുകളുടെ സംഗമ സ്ഥാനമാണിവിടം. പണ്ട് മഴക്കാലത്ത് തോടുകൾ പരന്നൊഴുകിയിരുന്നു ധാരാളം എക്കൽ വന്നടിഞ്ഞ് ഈ പ്രദേശം ഫലഭൂയിഷ്ഠമായി കാണപ്പെട്ടിരുന്നു. മണ്ണിന് നല്ല കറുപ്പ് നിറമാണ് ഉണ്ടായിരുന്നത്. ഈ മണ്ണും തോടുകളിലെ മത്സ്യസമ്പത്തുമാണ് കുടിയേറ്റക്കാരെ ഇവിടേക്ക് മാടിവിളിച്ചത്.

ബ്രിട്ടീഷ് മിഷനറിമാരുടെ വാകത്താനത്തെ ആദ്യത്തെ പ്രവർത്തന കേന്ദ്രമായിരുന്നു നാലുന്നാക്കൽ. വാകത്താനത്തെ ആദ്യത്തെ സ്കൂൾ ഈ മിഷനറിമാർ സ്ഥാപിച്ച നാലുന്നാക്കൽ സി. എം. എസ്. എൽ. പി. സ്കൂൾ ആണെന്നതും

ശ്രദ്ധേയമാണ്.

മിഷനറി ആയിരുന്ന ഹെൻറി ബേക്കർ ജൂനിയർ ആണ് ഈ വിദ്യാലയം സ്ഥാപിച്ചത്. 1862 ൽ ആയിരുന്നു ഈ വിദ്യാലയം സ്ഥാപിച്ചത്. കുടിപള്ളിക്കൂടത്തിൽ നിന്നും ഒന്നും രണ്ടും ക്ലാസ്സുകൾ രൂപം കൊണ്ടു. പിന്നീട് നാലു ക്ലാസ്സുകളായി. ഒരു ഘട്ടത്തിൽ അഞ്ചാം ക്ലാസ്സും നടത്തിയിരുന്നുവെങ്കിലും നിയമം മാറിയപ്പോൾ നിറുത്തേണ്ടി വന്നു. ദീർഘകാലം ഓല കെട്ടിടത്തിലാണ് സ്കൂൾ നടന്നിരുന്നത്. പള്ളിക്കു ലഭിച്ച സ്ഥലത്തിന്റെ ഒരു ഭാഗത്ത് സ്കൂൾ സ്ഥിതി ചെയ്യുന്നു. ഇപ്പോൾ വഴിയരികിൽ കാണുന്ന ഓടിട്ട കെട്ടിടം സ്കൂൾ ആരംഭിച്ച് ഉദ്ദേശം 100 വർഷങ്ങൾക്ക് ശേഷം പണികഴിച്ചതാണ്.

155 വർഷങ്ങളായി ഇന്നും ഈ പ്രദേശത്ത് അറിവിന്റെ വെളിച്ചം പകർന്നുകൊണ്ട് ഈ വിദ്യാലയം പ്രകാശിച്ചു നിൽക്കുന്നു. സമൂഹത്തിന് അനേകം മഹാരഥൻമാരെ സംഭാവന ചെയ്യാൻ ഈ വിദ്യാലയത്തിനു സാധിച്ചിട്ടുണ്ട്. സി.എം.എസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ളതാണ് ഈ വിദ്യാലയം. പഠനത്തിന് വളരെയേറെ പ്രാധാന്യം നൽകുന്നതോടൊപ്പം തന്നെ പാഠ്യേതര പ്രവർത്തനങ്ങളിലും മികവു പുലർത്തുവാൻ

വിദ്യാലയത്തിന് സാധിക്കുന്നുണ്ട്. പഠനം വളരെ
ഫലപ്രദവും പ്രയോജനകരവും രസകരവും
ആകുന്നതിന് വിവിധങ്ങളായ സങ്കേതങ്ങളെ
പ്രയോജനപ്പെടുത്തുന്ന അദ്ധ്യാപകർ ഈ
വിദ്യാലയത്തിന്റെ കരുത്താണ്. സമൂഹത്തിന്റെ
പ്രതീക്ഷയ്ക്കനുസരിച്ച് ഉയരുന്നതിന് ഈ വിദ്യാല-
യത്തെ നയിക്കുന്നതിന് ഹെഡ്മിസ്ട്രസ്, സീനിയർ
അധ്യാപകൻ, രണ്ട് അധ്യാപികമാർ നേഴ്സറി ടീച്ചർ
എന്നിവർ അക്ഷീണം പ്രവർത്തിച്ചു വരുന്നു.
ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളും പ്രീ-പ്രൈമറി
ക്ലാസുകളും ഇവിടെ പ്രവർത്തിച്ചു വരുന്നു ഉച്ചഭക്ഷണം
തയ്യാറാക്കുന്നതിന് ഒരു കുക്കും പ്രവർത്തിക്കുന്നു.
ഇന്ന് പൊതുവായി കണ്ടു വരുന്ന വലിയൊരു
പ്രശ്നമായ കുട്ടികളുടെ കുറവ് ഇവിടെയും
അനുഭവപ്പെടുന്നുണ്ട്. ഒന്നു മുതൽ നാലു വരെ
ക്ലാസുകളിൽ 14 കുട്ടികളും പ്രീ പ്രൈമറിയിൽ
11 കുട്ടികളും പഠിക്കുന്നു. കുട്ടികൾ കുറവാണെങ്കിൽ
തന്നെയും ഉള്ള കുട്ടികൾ വളരെ ഉത്സാഹം
ഉള്ളവരും സമർത്ഥരുമാണ്. സ്കൂൾ തലത്തിൽ
ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളിലും അവർ
കൂടുതൽ മികവ് കാട്ടിക്കൊണ്ടേയിരിക്കുന്നു.
9.30 മുതൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നു.
3.30 വരെയാണ് സ്കൂൾ പ്രവർത്തനം നടന്നു
വരുന്നത്. കൃത്യമായ സമയങ്ങളിൽ ക്ലാസ്

പി. ടി. എ , പി. ടി. എ, എസ്. ആർ. ജി. തുടങ്ങിയവയും നടന്നു വരുന്നു.

## കൈവരിച്ച നേട്ടങ്ങൾ

2017 L. S. S പരീക്ഷയിൽ ഈ സ്കൂളിലെ വിദ്യാർത്ഥിനി കുമാരി ശ്രാവണ. M. S. ഉയർന്ന വിജയം കരസ്ഥമാക്കി. കൂടാതെ ഉപജില്ലാ കലോത്സവത്തിലും, ശാസ്ത്ര- ഗണിത ശാസ്ത്ര - സാമൂഹ്യശാസ്ത്ര മേളകളിലും പ്രവർത്തി പരിചയ മേളകളിലും വിദ്യാർത്ഥികൾ തങ്ങളുടെ കഴിവുകൾ പ്രകടിപ്പിച്ച് സ്കൂളിന് അഭിമാനകരമായ രീതിയിൽ വിജയം കരസ്ഥമാക്കി. അഖില കേരള ചിത്ര രചനാ മത്സരത്തിൽ ഗോൾഡ് മെഡൽ വാങ്ങി സ്കൂളിലെ വിദ്യാർത്ഥി മാസ്റ്റർ. മിലൻ ജോസഫ് ജേതാവായി.

## പരിമിതികൾ

- അക്കാദമികം

ഇന്നത്തെ സമൂഹം സ്കൂളുകളുടെ കെട്ടിലും മട്ടിലും ഉള്ള ആകർഷണീയതയിലും പുതുമയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ പല വിധത്തിലുള്ള പ്രതിസന്ധികളും ഈ വിദ്യാലയം നേരിടുന്നുണ്ട് തൻമൂലം കുട്ടികളുടെ കുറവ്

സാരമായിത്തന്നെ ബാധിക്കുന്നുണ്ട് ഇപ്പോഴുള്ള
കുട്ടികൾ വളരെ സമർത്ഥരും ഉത്സാഹമുള്ളവരുമാണ്
എങ്കിലും അക്കാദമികമായുള്ള പല പരിമിതികളും
അവരെയും ബാധിക്കുന്നുണ്ട് പഠനതന്ത്രങ്ങളും
പരിശീലനങ്ങളും ധാരാളം ലഭിക്കുന്നുണ്ടെങ്കിലും
കമ്പ്യൂട്ടറുകളുടെ അഭാവം പഠനത്തെ ബാധിക്കുന്നു.
നിലവിൽ ഉപയോഗയോഗ്യമായ കമ്പ്യൂട്ടറുകൾ
ഇല്ലാത്തതിനാൽ ICT സങ്കേതമുപയോഗിച്ചുള്ള
പഠനങ്ങളും നടക്കുന്നില്ല. നിലവിലുള്ള ക്ലാസ്
മുറികളുടെ ശോചനീയാവസ്ഥയും ഒരു പരിധി
വരെ പഠനത്തെ ബാധിക്കുന്നുണ്ട്. നിലവിൽ
ക്ലാസ് ലൈബ്രറികളില്ല ഉള്ളവയിൽ അതാത്
ക്ലാസ് നിലവാരത്തിലുള്ള പുസ്തകങ്ങളും ഇല്ല.
ആധുനികമായി സജ്ജീകരിച്ച സ്കൂൾ ലൈബ്രറി
IT ലാബ് എന്നിവ ഇല്ലാത്തതും വലിയ
പോരായ്മയാണ്. പഠനപ്രവർത്തനം ഫലപ്രദമായി
വിനിമയം ചെയ്യുന്നതിന് സഹായകമായ
സ്ഥലസൗകര്യം അനുയോജ്യമായ ഇരിപ്പിട
സൗകര്യം I.C.T. സൗകര്യം എന്നിവയുള്ള
ക്ലാസ് മുറികൾ ആവശ്യമാണ് പ്രീ പ്രൈമറി
കുട്ടികൾക്കായുള്ള കളിയുപകരണങ്ങൾ, ശിശു
കേന്ദ്രീകൃതമായ ക്യാമ്പസ് എന്നിവയും അത്യന്താപേക്ഷി
തമാണ്.

## ഭൗതികം

ഭൗതിക സാഹചര്യങ്ങളിലും ഈ വിദ്യാലയം അനവധി പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നുണ്ട്. സ്കൂളിന് ഒരു ഗേറ്റ് ഇല്ല എന്നത് വലിയൊരു പോരായ്മയാണ്. വിശാലമായ കളിസ്ഥലം ഉണ്ടെങ്കിലും ചുറ്റുമതിൽ കെട്ടി അത് സുരക്ഷിതമാക്കേണ്ടിയിരിക്കുന്നു. എല്ലാ കുട്ടികളും സ്കൂളിൽ നിന്നാണ് ഉച്ചഭക്ഷണം കഴിക്കുന്നത് നല്ലൊരു അടുക്കളയും ഡൈനിംഗ് ഹാളും അത്യന്താപേക്ഷിതമാണ്. ക്ലാസ് മുറികളാണ് ഉച്ചഭക്ഷണത്തിനായി ഉപയോഗിക്കുന്നത്. പാകത്താനം റോട്ടറി ക്ലബ്ബിന്റെ നേതൃത്വത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പ്രത്യേകം യൂറിനലും ടോയ്‌ലറ്റുകളും നിർമ്മിച്ചു നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്ന് വാട്ടർ ടാങ്കും ലഭിച്ചിട്ടുണ്ട് എങ്കിലും വെള്ളമില്ലാത്തത് വലിയൊരു പോരായ്മയാണ്. സ്കൂൾ കോമ്പൗണ്ടിലുള്ള പൊതുകിണർ ഉപയോഗയോഗ്യമല്ലാത്തതാണ്. കുടിവെള്ളത്തിനായും അടുത്ത വീടുകളെയാണ് ആശ്രയിക്കുന്നത്. കുടിവെള്ളത്തിനും ബാത്ത്റൂമുകളിലേക്കുമുള്ള

ജലത്തിന്റെ ആവശ്യത്തിലേക്ക് അതിനുള്ള സംവിധാനം ലഭ്യമാകണം.

## നേട്ടങ്ങൾ

വിദ്യാലയത്തിൽ നടപ്പിലാക്കാൻ കഴിയുന്ന പ്രവർത്തന പരിപാടി ആസൂത്രണം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്. ലഭ്യമായ വായനാ സാമഗ്രികൾ കൃത്യമായി ഉപയോഗിക്കുന്നതിന് സാധിച്ചു. മലയാള ഭാഷാ പഠനത്തിനായി മലയാളത്തിളക്കം, മധുരം മലയാളം എന്നീ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് സാധിച്ചു. മലയാളത്തിളക്കത്തിന് പരിശീലനം ലഭിച്ച അധ്യാപകർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. എഴുത്തിലും വായനയിലും കൂടുതൽ പുരോഗതി കൈവരിക്കുവാൻ ഇതു മൂലം സാധിച്ചു. പ്രീ ടെസ്റ്റ് നടത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ആവശ്യമായ പഠനോപകരണങ്ങളുടെ സഹായത്തോടെ ക്ലാസ്സുകൾ എടുത്തു. ഇതിലൂടെ കുട്ടികളിൽ വായനയിൽ താല്പര്യം ഉളവാക്കുവാനും സാധിച്ചു.

ഇംഗ്ലീഷ് അസംബ്ലി നടത്തുവാൻ സാധിച്ചു. വായനാ കാർഡുകൾ കൊണ്ടുള്ള പ്രവർത്തനങ്ങൾ കൂടുതൽ പ്രയോജനം ചെയ്തു. ചിത്രങ്ങൾ ഉപയോഗിച്ച് അക്ഷരങ്ങൾ ഉറപ്പിക്കുന്നതിന് സാധിച്ചു. ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിച്ചതിലൂടെ വായനയിലുള്ള പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞു.

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിനായി ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ ചെയ്യുന്നതിന് സാധിച്ചു. നിരവധി മത്സരങ്ങളും സംഘടിപ്പിക്കുന്നതിന് സാധിച്ചു. സർഗ്ഗശേഷി വികസിപ്പിക്കുന്നതിനായി ചുമർ പത്രിക, പതിപ്പുകൾ, കൈയെഴുത്ത് മാസിക തുടങ്ങിയ തയ്യാറാക്കുവാൻ സാധിച്ചു. അസംബ്ലിയിലും ക്ലാസ്സിലും നിത്യവും പത്രവായന നടത്തുകയും. വാർത്തകൾ വിശകലനം ചെയ്യുകയും ചെയ്തുവരുന്നു. ഓരോ ക്ലാസ്സിലും ദിനപത്രം ലഭ്യമാണ്. ദിനാചരണ കുറിപ്പുകൾ തയ്യാറാക്കുന്നതും, പുസ്തക വായനയും ആസ്വാദ്യകരമായ വായനയ്ക്ക് സാഹചര്യം ഒരുക്കുന്നു.

വായനാ പ്രവർത്തനങ്ങൾക്കും കൈയെഴുത്ത് പരിശീലിപ്പിക്കുന്നതിനും പ്രത്യേകം സമയങ്ങൾ ക്രമീകരിക്കുവാൻ സാധിച്ചു. രാവിലെ 9.15 മുതൽ 9.45 വരെയും ഉച്ചയ്ക്ക് 1.00 മുതൽ 1.45 വരെയും ഇതിനായി വേർതിരിച്ചു. ഒരു അധ്യാപിക ഇതിനായി പരിശീലനം നൽകി വരുന്നു. കുട്ടികളുടെ അക്ഷരത്തെറ്റുകൾ കുറഞ്ഞു. ചിഹ്നങ്ങൾ ഉപയോഗിക്കുന്നതിലുള്ള പ്രയാസങ്ങൾ കുറഞ്ഞു.

ഭാഷാശേഷിയും സർഗ്ഗാത്മക ശേഷിയും വികസിച്ചു. വ്യവഹാര രൂപങ്ങളെ പരിചയപ്പെടുവാനും അവയെ അധിഷ്ഠിതമാക്കിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും സാധിച്ചു.

ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുവാൻ ഏറ്റെടുത്ത പ്രവർത്തനങ്ങളും മികച്ച രീതിയിൽ ഫലം കണ്ടു. ഒന്ന്, രണ്ട് ക്ലാസ്സിലെ കുട്ടികൾക്കായി 'ഈസി ഇംഗ്ലീഷ്' എന്ന പേരിലും മൂന്ന്, നാല് ക്ലാസിലെ കുട്ടികൾക്കായി 'ഹലോ ഇംഗ്ലീഷും' നടത്തി വരുന്നു. പാഠപുസ്തകത്തിലെ ഇംഗ്ലീഷ് വ്യാകരണങ്ങളും വാക്കുകളുടെ ഉച്ചാരണവും കൃത്യമായി മനസ്സിലാക്കുന്നതിന് ഇതുകൊണ്ട് സാധിക്കുന്നു. കൂടാതെ സംഭാഷണങ്ങൾ, വിവരണങ്ങൾ എന്നിവ തയ്യാറാക്കുന്നതിനും ഇത് പ്രയോജനം ചെയ്തു. ഈ പ്രവർത്തനങ്ങളെല്ലാം തന്നെ കുട്ടികളിൽ പഠനത്തിൽ താല്പര്യം വർദ്ധിപ്പിച്ചു. അധ്യാപകർക്ക് ഓരോ വിദ്യാർത്ഥിയുടെയും പഠന സാഹചര്യങ്ങൾ കൃത്യമായി മനസ്സിലാക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നടത്തുവാനും സാധിച്ചു. വിദ്യാർത്ഥികൾക്ക് മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നിവയിൽ അടിസ്ഥാന ശേഷി വികാസം

സാധ്യമായിട്ടുണ്ട്. അധ്യാപകരുടെ ക്രിയാത്മകമായ ഇടപെടലുകളിലൂടെ വിദ്യാർത്ഥികളിൽ നല്ല സ്വഭാവ രൂപീകരണത്തിന് സാധിച്ചു. കുട്ടികളുടെ അക്കാദമിക പ്രവർത്തനങ്ങൾക്ക് രക്ഷിതാക്കൾക്ക് മികച്ച പരിശീലനം നൽകുന്നതിനുള്ള സാഹചര്യം സാഹചര്യം ഈ പ്രവർത്തനങ്ങൾ കൊണ്ട് സാധിച്ചു.

ഒന്നാം ക്ലാസിലെ കുട്ടികൾ പാഠപുസ്തക പ്രവർത്തനങ്ങൾക്ക് പുറമെ ചെറിയ കഥകൾ കവിതകൾ എന്നിവ വായിക്കുവാൻ പ്രാപ്തരായി. അതോടൊപ്പം തന്നെക്കുറിച്ചും കുടുംബത്തെ-ക്കുറിച്ചും മറ്റു ചെറിയ വിഷയത്തെക്കുറിച്ചും സംസാരിക്കുവാൻ പ്രാപ്തരായി.

രണ്ടാം ക്ലാസിലെ കുട്ടികൾ ചെറിയ കവിതകൾക്ക് വരികൾ കൂട്ടി ചേർക്കുവാനും അവയ്ക്ക് ഈണം നൽകുവാനും ലേഖന പ്രവർത്തനങ്ങളിൽ മികവ് തെളിയിക്കാനും സാധിച്ചു.

മൂന്നാം ക്ലാസിലെ കുട്ടികൾക്ക് സ്കിറ്റ് തയ്യാറാക്കി അവതരിപ്പിക്കുവാൻ സാധിച്ചു. അസംബ്ലി, സാഹിത്യ സമാജം തുടങ്ങിയവയിൽ

ചെറിയ പ്രഭാഷണങ്ങൾ അവതരിപ്പിക്കുവാനും സാധിച്ചു.

നാലാം ക്ലാസ്സിലെ കുട്ടികൾക്ക് ഒരു വിഷയത്തെയോ ചിത്രത്തെയോ അടിസ്ഥാനപ്പെടുത്തി ലേഖനങ്ങൾ തയ്യാറാക്കുന്നതിനും പ്രഭാഷണങ്ങൾ നടത്തുവാനും സാധിച്ചു. പഠനയാത്രകൾ നടത്തിയതിൽ നിന്നും യാത്രാ വിവരണങ്ങൾ തയ്യാറാക്കുന്നതിനും സാധിച്ചു.

വൈവിധ്യമാർന്നതും തനിമയുള്ളതുമായ അന്വേഷണങ്ങളിലൂടെയും ഇടപെടലുകളിലൂടെയും ശക്തമായി മുന്നോട്ടു പോകുകയാണെങ്കിൽ ഈ വിദ്യാലയം ഭാവിയിൽ വളരെ ഉയരത്തിൽ എത്തുമെന്നതിൽ യാതൊരു സംശയവുമില്ല. മികവിന്റെ നല്ലൊരു കേന്ദ്രമായിത്തീരുവാൻ മുൻപിൽ ചില പരിമിതികൾ മാത്രമാണ് തടസ്സമായി നിൽക്കുന്നത്. മികച്ച വിദ്യാഭ്യാസം, കായിക പഠനം, കലാ പഠനം മറ്റ് പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയിലെല്ലാം തന്നെ ഈ വിദ്യാലയം മുൻ പന്തിയിൽ തന്നെയാണ് നില നിൽക്കുന്നത്. ഇതിനെ പരിപോഷിപ്പിക്കുന്നതിന് കഠിനമായി പരിശ്രമിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന അധ്യാപകർ ഇവിടെയുണ്ട്.

കുട്ടിയിൽ അന്തർലീനമായിട്ടുള്ള എല്ലാ
കഴിവുകളെയും വികസിപ്പിച്ചെടുത്ത് ഭാവിയിൽ
ഈ സ്കൂൾ ഒരു ടാലന്റ് ലാബായി മാറും
എന്നതും തർക്കമില്ലാത്ത വസ്തുതയാണ്.

## അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | ചുറ്റുമതിൽ | പി.ടി.എ ശക്തിപ്പെടുത്തൽ |
| ഗണിത ശേഷി വികസനം | ഗേറ്റ് | എസ്. എം. സി കാര്യക്ഷമമാക്കൽ |
| ഇംഗ്ലീഷ് പഠന പരിപോഷണം | കളിസ്ഥലം വിപുലമാക്കൽ | പൂർവ്വ വിദ്യാർത്ഥി സംഘടന |
| ശാസ്ത്ര പോഷണം | കമ്പ്യൂട്ടർ റൂം | വിദ്യാലയ വികസന സമിതി |
| വായനാ പോഷണം | ലൈബ്രറി | മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ |
| ലൈബ്രറി ശാക്തീകരണം | അടുക്കള | |
| ജൈവ വൈവിധ്യ പാർക്ക് | ഡൈനിംഗ് ഹാൾ | വിദ്യാലയ മികവുകൾ |
| പഠന യാത്രകൾ | കുടിവെള്ളം | പൊതു സമൂഹവുമായി പങ്കിടൽ |
| കലാ-കായിക മേള | സ്മാർട്ട് ക്ലാസ് മുറികൾ | പൊതുസമൂഹത്തിന് |
| IT പരിശീലനം | | അവധി ദിവസങ്ങളിൽ |
| സ്കൂൾ പത്രം/മാസിക | | കമ്പ്യൂട്ടർ/ഇംഗ്ലീഷ് ക്ലാസുകൾ |
| പ്രവർത്തി പരിചയ പഠനം | | ഭവന സന്ദർശനം |
| ഒന്നാം ക്ലാസ് ഒന്നാം തരം | | |

| ഹ്രസ്വകാല പദ്ധതി | മധ്യകാല പദ്ധതി | ദീർഘകാല പദ്ധതി |
|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഗ്രാമർ സ്കൂൾ | ഗ്രന്ഥശാലാ ശാക്തീകരണം |
| ഇംഗ്ലീഷ് ഡയറി | ഇംഗ്ലീഷ് പദപ്രശ്ന നിർമ്മാണം | പാവനാടക പരിശീലന ശില്പശാല |
| ഇംഗ്ലീഷിൽ കയ്യെഴുത്ത് | ഇംഗ്ലീഷ് ടെസ്റ്റ് | ദിനാചരണങ്ങൾ |
| ശാസ്ത്രമൂല | ഇംഗ്ലീഷ് കോർണർ | ഗണിതലാബ് സജ്ജീകരിക്കൽ |
| ഭാഷാ പരിക്കാം | ശാസ്ത്ര മാജിക് | ഗണിത പാർക്ക് |
| അക്ഷരം ഉറപ്പിക്കൽ | ശാസ്ത്ര മാസിക | പ്രതിഭാ പോഷണ പരിപാടി |
| ക്ലാസുകളിൽ ബോർഡ് | വായനാക്കൂട്ടം | പഠനയാത്ര |
| പഠനോപകരണ നിർമ്മാണം | എഴുത്തുകൂട്ടം | പത്രവായന |
| ശാസ്ത്ര മേളകൾ | ചിത്രരചനാകളരി | കിഡ്സ് പാർക്ക് |
| | | കുടിവെള്ള വിതരണം |
| | | കവാടം / പടിപ്പുര |

മേഖല: അക്കാദമികം

## പ്രവർത്തന വിശദാംശങ്ങൾ

ഉപമേഖല: ഇംഗ്ലീഷ് ഭാഷാപഠനം

പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് അസംബ്ലി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | — |

പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര്: ഗ്രാമർ സ്കൂൾ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവു നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയുള്ള ഇംഗ്ലീഷ് ക്ലാസ്സ് | പ്രതിവർഷം 10 ക്ലാസ്സുകൾ | ക്ലാസ്സ് ടീച്ചർ | 5000 രൂപ പൂർവ്വ വിദ്യാർത്ഥി സംഘടന |
| | | | | |

പ്രവർത്തനം - 3
പേര് - ഇംഗ്ലീഷ് ഡയറി
ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷ് ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | — |

പ്രവർത്തനം - 4

പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് പദപ്രശ്ന നിർമ്മാണം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം. | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടിക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത സമയം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ടീച്ചർ | |

പ്രവർത്തനം : 5
പേര് : ഇംഗ്ലീഷ് ഫെസ്റ്റ്
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യക്തമായ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ. | മധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 5 ദിവസം (അവധിക്കാലം) | PTA പ്രസിഡന്റ്<br>H.M | 1000/- |

പ്രവർത്തനം - 6
പേര് - ഇംഗ്ലീഷ് കോർണർ
ഉപമേഖല - ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ / ലേഖനങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ<br>കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ടീച്ചർ<br>H.M. | |

| | | | | |
|---|---|---|---|---|
| പ്രവർത്തനം - 7<br>പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷിൽ കൈയ്യെഴുത്ത്<br>ഉപമേഖല : ഇംഗ്ലീഷ് പഠനം | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു സ്കൂളിലെ സമാന ക്ലാസിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ ഒന്നുവീതം | ക്ലാസ് ടീച്ചർ | പ്രതിവർഷം 10000/- പി.ടി.എ ഫണ്ട് |

പ്രവർത്തനം : 8

പേര് : ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല : ഭാഷാ ശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ദേവനസമ്പർശനത്തിലൂടെ കണ്ടെത്തൽ പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ഭദ്രമാക്കൽ. | വർഷത്തിൽ 2 പ്രാവശ്യം | പി.ടി.എ. ഹെഡ്. എം. ലൈബ്രേറിയൻ | 2000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം - 9
പേര് - പാവനാടക പരിശീലന ശില്പശാല
ഉപമേഖല - സർഗാത്മക വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിന്റെ അവതരണവും | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. എസ്. ജി | 5000/- |

| പ്രവർത്തനം - 10<br>പേര് : ദിനാചരണങ്ങൾ<br>ഉപമേഖല : സമഗ്ര വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ടു നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ. ജിയിൽ രൂപപ്പെടുത്തി നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്. ആർ. ജി. | |

| | | | | |
|---|---|---|---|---|
| പ്രവർത്തനം : 11<br>പേര് : ഗണിത ലാബ് സജ്ജീകരിക്കൽ<br>ഉപമേഖല : ഗണിത പഠനം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജീകരിക്കൽ, ലാബിൽ ഗണിത ക്വിസ് നടത്തൽ | ആവശ്യാനു-സരണം | എസ്. ആർ. ജി.<br>ഗണിതക്ലബ് | |
| പ്രവർത്തനം : 12<br>പേര് : ഗണിതപാർക്ക്<br><br>ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിതക്ലബ് | 1000/-<br>പി.ടി.എ |

പ്രവർത്തനം : 13
പേര് : ശാസ്ത്ര മാജിക്
ഉപമേഖല : ശാസ്ത്ര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ, പരീക്ഷണങ്ങളിലേർപ്പെടൽ | ശാസ്ത്ര പരീക്ഷണങ്ങൾ നടത്തുന്നു. | പ്രതിമാസ പരിപാടി | സയൻസ് ക്ലബ് | 1000/- എസ്.ആർ.ജി |

പ്രവർത്തനം : 14
പേര് : പ്രതിഭാപോഷണപരിപാടി.

| | | | | |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ദ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ. | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവു ദിനങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ്.ആർ.ജി. | 500/- സ്പോൺസർഷിപ്പ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| പ്രവർത്തനം : 15<br>പേര് : ശാസ്ത്ര മേളകൾ | | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പാഠപുസ്തകങ്ങളെ അടിസ്ഥാനപ്പെടുത്തി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | ഇൻസ്ടിറ്റ്യൂർ ഹെച്ച്. എം. | 1000/- പി.ടി.എ. |
| പ്രവർത്തനം : 16<br>പേര് : ശാസ്ത്രമാസിക. | | | | |
| ശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങളും ചിത്രങ്ങളും ശേഖരിച്ച് പുസ്തകം തയ്യാറാക്കൽ | ശാസ്ത്രജ്ഞരെയും, കണ്ടുപിടുത്തങ്ങളെയും കുറിച്ച് വിവരശേഖരണം നടത്തൽ | അദ്ധ്യയന സമയം | ഇൻസ്ടിറ്റ്യൂർ എസ്.ആർ.ജി. | |

| പ്രവർത്തനം: 17<br>പേര് : ശാസ്ത്രമൂല | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കൽ | ശാസ്ത്ര അഭിരുചി വളർത്തുന്ന ലേഖനങ്ങൾ, ചിത്രങ്ങൾ സജ്ജീകരിക്കുന്നു. | ഇടവേള | സയൻസ് ക്ലബ് | 1000/- സ്പോൺസർഷിപ്പ് |
| പ്രവർത്തനം : 18<br>പേര് : പഠനോപകരണ നിർമ്മാണം | | | | |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. | ഓരോ പാഠഭാഗങ്ങളിലും പരാമർശിക്കുന്ന 'പഠനോപകരണങ്ങൾ' പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്നു. | അദ്ധ്യയന സമയം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 19
പേര് : ഭാഷാ പരിജ്ഞാനം
മേഖല : മലയാള ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | പ്രീ - ടെസ്റ്റ് ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ | 2 മാസം | ട്രെയിനിംഗ് ലഭിച്ച അധ്യാപകർ | |
| പ്രവർത്തനം : 20<br>പേര് : വായനക്കൂട്ടം. | | | | |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക. | ക്ലാസ് ലൈബ്രറി രൂപീകരിക്കൽ, വായനാനുഭവം പങ്കുവയ്ക്കൽ | പ്രതിദിനം | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| പ്രവർത്തനം : 21<br>പേര് : എഴുത്തുകൂട്ടം. | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | എഴുത്തുകൂട്ടത്തിലൂടെ വായനാക്കുറിപ്പ് | 6 മാസം | ടീച്ചർ | |
| പ്രവർത്തനം : 22<br>പേര് : അക്ഷരം ഉറപ്പിക്കൽ | | | | |
| അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുക. | ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നു. | ഒരുദിനം | ടീച്ചർ | |

| | | | | |
|---|---|---|---|---|
| പ്രവർത്തനം : 23<br>പേര് : പത്രവായന | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| വായനയിൽ താല്പര്യം വളർത്തുക. | വിവിധ പത്രങ്ങൾ ക്ലാസിൽ എത്തിക്കൽ, പത്ര ക്വിസ്, വാർത്ത തയ്യാറാക്കൽ | പ്രതിദിനം<br>ക്വിസ് ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | 500/-<br>സ്പോൺസർഷിപ്പ്. |
| പ്രവർത്തനം : 24<br>പേര് : പഠനയാത്ര<br>ഉപമേഖല : സാമൂഹ്യശാസ്ത്രം (പരിസരപഠനം)<br><br>പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന്. | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയവ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | മാസത്തിൽ ഒന്ന് | എസ്. ആർ. ജി. | 2000/-<br>സ്പോൺസർഷിപ്പ് |

| പ്രവർത്തനം : 24<br>പേര് : ബുള്ളറ്റിൻ ബോർഡ്<br>ഉപമേഖല : പരിസര പഠനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാർത്ഥികൾക്ക് വായിക്കാൻ സൗകര്യപ്രദമായ സ്ഥലത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് S.R.G | 1000/-<br>പി.ടി.എ |
| പ്രവർത്തനം : 25<br>പേര് : ചിത്രരചനാ കളരി<br>ഉപമേഖല : കലാപഠനം.<br><br>ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മധ്യവേനലവധിക്കാലത്ത് അഞ്ചുദിവസം നീണ്ടു നിൽക്കുന്ന ചിത്രരചനാ മത്സരം | 5 ദിവസം മധ്യവേനൽ അവധിക്കാലം | എസ്. ആർ. ജി | 1000/-<br>പൂർവ്വ വിദ്യാർത്ഥി സംഘടന |

പ്രവർത്തനം : 26
പേര് : കവാടം, പടിപ്പുര
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതമായി സ്കൂൾ കാമ്പസിനെ സംരക്ഷിക്കൽ | ആകർഷണീയമായ വിധം സ്കൂളിന്റെ കവാടം, പടിപ്പുര സജ്ജമാക്കൽ | ഒരു വർഷം | പി.ടി.എ | 3 ലക്ഷം ജില്ലാ പഞ്ചായത്ത് |
| പ്രവർത്തനം : 27<br>പേര് : കിഡ്സ് പാർക്ക്<br>മേഖല : ഭൗതികം | | | | |
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | പ്രധാനമന്ദിരത്തിന് മുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ ഒപ്പം ഉയരം കൂട്ടി ടൈൽ വർക്ക് ചെയ്യൽ | രണ്ടു വർഷം | പി.ടി.എ | 65 ലക്ഷം (MLA ഫണ്ട്) |

പ്രവർത്തനം: 28

പേര് : കുടിവെള്ള വിതരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശുദ്ധ ജലം യഥേഷ്ടം ലഭ്യമാക്കൽ | ശുദ്ധ ജല വിതരണത്തിലെ ജലം, കിണറുകളിലെ ജലം എന്നിവ എല്ലാ ടാങ്കിലും എത്തുന്നതിനുള്ള ക്രമീകരണം, ടാങ്കിൽ നിന്നും ടോയ്‌ലറ്റ്, വാഷ് ബേസ് എന്നിവയിലേക്ക് പുതിയ പൈപ്പ് സ്ഥാപിക്കൽ | ആറ് മാസം | പി.ടി.എ | 20000/- രൂപ ഗ്രാമപഞ്ചായത്ത്. |

## പ്രതീക്ഷിത നേട്ടങ്ങൾ

- കൊഴിഞ്ഞു പോക്ക് ഇല്ലാതാകുന്നു.
- പഠന പ്രവർത്തനങ്ങൾ സമൂഹവുമായി പങ്കിടുവാൻ കഴിയുന്നു
- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർധിക്കുന്നു.
- മികവുറ്റ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ഒരുക്കുന്നു.
- സ്കൂളിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നു.
- പ്രതിഭയുള്ള വിദ്യാർത്ഥികളാക്കി മാറ്റുവാൻ സാധിക്കുന്നു.
- ആരോഗ്യമുള്ള വിദ്യാർത്ഥി സമൂഹത്തെ ലഭിക്കുന്നു.
- എഴുത്തിലും വായനയിലും പ്രാവീണ്യമുള്ള വിദ്യാർത്ഥികൾ
- എല്ലാ വിഷയങ്ങളും അനായാസം കൈകാര്യം ചെയ്യാൻ കഴിയുന്നു.

## മോണിറ്ററിംഗ്

വികസന പദ്ധതി സമഗ്രമായി പരിശോധിക്കുകയും പ്രവർത്തനങ്ങൾ നിർണ്ണയിക്കുകയും വേണം. തുടർന്ന് വാർഷിക കലണ്ടർ തയ്യാറാക്കണം. ഒരു വർഷം നടക്കേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നിശ്ചയിക്കണം. വാർഷിക കലണ്ടറിലെ ഓരോ മാസവും വരുന്ന പ്രവർത്തനങ്ങൾ ചേർന്ന് പ്രതിമാസ കലണ്ടർ തയ്യാറാക്കണം.

വിദ്യാലയ വികസന സമിതി പ്രതിമാസം ചേർന്ന് തൻമാസത്തിൽ അതുവരെ നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണം. ഓരോ ഘട്ടത്തിലും പ്രവർത്തനങ്ങളിൽ വരുന്ന മികവുകളും പരിമിതികളും തിരിച്ചറിഞ്ഞ് പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കി നടപ്പിലാക്കുകയും വേണം. എസ്. ആർ. ജി. പി. ടി. എ വിഷയസമിതികൾ വിദ്യാലയ വികസന പദ്ധതിക്ക് പ്രഥമ പരിഗണന നൽകണം. വിദ്യാലയത്തിലെ എല്ലാ സമിതികളുടെയും ആദ്യ അജണ്ട വിദ്യാലയ വികസന പദ്ധതി പ്രവർത്തനങ്ങളുടെ

അവലോകനവും ആസൂത്രണവും ആയിരിക്കണം.

ഉദ്യോഗസ്ഥ തലത്തിലുള്ള

മോണിറ്ററിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു
സോഷ്യൽ മോണിറ്ററിംഗ് ടീമി (പി. ടി. എ,
എം. പി. ടി. എ, എസ്. എസ്. ജി, എസ്. ആർ.
ജി എന്നിവരെ ഉൾപ്പെടുത്തി നടപ്പിലാക്കണം.
ദൈനം ദിന മോണിറ്ററിംഗ് എച്ച്. എം,
എസ്. ആർ. ജി. കൺവീനർ, പി. ടി. എ
പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ
നടത്താം.